ഹദീസ്

മൂസ ഉമരി പാലക്കാട്
k.moosa.k.m@gmail.com

# നാലു കാര്യങ്ങളുണ്ടോ, ജീവിതം സാർഥകമായി

عَنْ عَبْدِ اللَّهِ بْنُ عُمَر رَضِي الله عَنْهُ، أَنَّ رَسُول الله صلى الله عليه وسلم قَالَ: أَرْبَعٌ إِذَا كُنَّ فِيكَ فَلَا عَلَيْكَ مَا فَاتَكَ مِنَ الدُّنْيَا ، حِفْظُ أَمَانَةٍ وَصِدْقُ حَدِيثٍ وَحُسنُ خَلِيقَةٍ وَعِفَّةُ طُعمَةٍ (رواه أحمد ، البيهقى والطبراني بأسايند صحيحة)

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന്. റസൂൽ (സ) പറഞ്ഞു: നാലു കാര്യങ്ങൾ താങ്കളിലുണ്ടെങ്കിൽ പിന്നെ ഇഹലോകത്ത് എന്തുതന്നെ നഷ്ടമായാലും താങ്കളതൊന്നും തന്നെ പ്രശ്നമാക്കേണ്ടതില്ല. വിശ്വാസ്യത കാത്തു സംരക്ഷിക്കുക, സത്യമായ വർത്തമാനം പറയുക, സൽസ്വഭാവത്തോടെ പെരുമാറുക, ഭക്ഷണകാര്യത്തിൽ മാന്യത പുലർത്തുക എന്നിവയാണവ (അഹ്മദ്, ത്വബറാനി, ബൈഹഖി).**

കാര്യങ്ങൾ എണ്ണിയെണ്ണി ഒതുക്കിപ്പറയുക എന്നത് നബി(സ)യുടെ സാരോപദേശ രീതികളിലൊന്നാണ്. ആധുനിക ആശയസംവേദന ചർച്ചകളിലും വളരെ പ്രാധാന്യം കൽപിക്കപ്പെടുന്ന ഒരു രീതിയാണിത്. എണ്ണി ഒതുക്കിപ്പറയുമ്പോൾ വിഷയങ്ങൾക്ക് വളരെയേറെ ആശയവ്യക്തത കൈവരും. കേൾവിക്കാരുടെ മനസ്സിൽ ആശയങ്ങൾ തങ്ങിനിൽക്കുകയും ചെയ്യും.

നാലു കാര്യങ്ങളാണ് ഇവിടെ എണ്ണിപ്പറയുന്നത്. ഇവ ആർജിക്കാനായാൽ ആ മാർഗത്തിൽ എന്ത് നഷ്ടം വന്നാലും അവയൊന്നും ഒരു നഷ്ടമേ അല്ല. ആ നാലു ഗുണവിശേഷങ്ങൾ നേടിയെടുക്കുന്നതുകൊണ്ട് ജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങൾ അത്രമേൽ മികവുറ്റതായിരിക്കും.

അതിൽ ഒന്നാമത്തേത് ഉത്തരവാദിത്തങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കുക എന്നതാണ്. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. ഏതൊരാൾക്കും സമൂഹത്തിന്റെ പിന്തുണയോടെ മാത്രമേ തന്റെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനാവൂ. സമൂഹത്തിന്റെ സഹായവും പിന്തുണയും ആവോളം ലഭിക്കുന്ന വ്യക്തിക്ക് തിരിച്ചങ്ങോട്ട് സമൂഹത്തോടും കടപ്പാടുകളുണ്ടാകുമെന്ന് തീർച്ചയാണല്ലോ. വ്യക്തികളില്ലെങ്കിൽ സമൂഹമില്ല എന്നു പറയുന്ന പോലെയാണ്, സമൂഹത്തെ ആശ്രയിക്കാതെ വ്യക്തിക്ക് ജീവിക്കാനാവില്ല എന്നു പറയുന്നതും.

സാമൂഹിക ഘടനയുടെ എല്ലാ ശ്രേണികളിലും വ്യത്യസ്തങ്ങളായ ചുമതലകൾ ഓരോ വ്യക്തിയും ഒറ്റക്കും കൂട്ടായും ഏറ്റെടുത്ത് നിർവഹിക്കേണ്ടിവരും. ഇസ്‌ലാമിക കാഴ്ചപ്പാടിൽ, സമൂഹമാണ് വ്യക്തിയെ ചുമതലകൾ ഏൽപിക്കുക. സമൂഹം ഏൽപിക്കുന്ന ഉത്തരവാദിത്തം ആത്മാർഥമായി ഒരാൾ നിർവഹിക്കാൻ ശ്രമിക്കുന്ന പക്ഷം അയാൾക്ക് അല്ലാഹുവിന്റെയും പിന്നെ താൻ സേവനം ചെയ്യുന്ന സമൂഹത്തിന്റെയും പിന്തുണയും സഹായവും കിട്ടിക്കൊണ്ടിരിക്കുമെന്നുള്ളത് ഒരു അനുഭവ യാഥാർഥ്യമാണ്. സ്വാർഥതയോ താൻപോരിമയോ സ്വജനപക്ഷപാതമോ ഒക്കെയാണ് ഒരാളെ നയിക്കുന്നതെങ്കിൽ അയാളുടെ നീക്കങ്ങൾ കാരണമായി അർഹരായവർക്ക് അവകാശങ്ങൾ നിഷേധിക്കപ്പെടും. അനർഹർ സ്ഥാനമാനങ്ങൾ തട്ടിയെടുക്കും. അങ്ങനെ സ്വാഭാവിക നീതി നിഷേധിക്കപ്പെടും. അത്തരം സാഹചര്യങ്ങളിൽ അധികാരവും സ്ഥാനവുമൊക്കെ ഇഹലോകത്തും പരലോകത്തും നാശഹേതുകമായിത്തീരും. ഒരാളെ വിശ്വസിച്ചേൽപ്പിച്ച ഉത്തരവാദിത്തങ്ങളിൽ നടത്തുന്ന ആത്മവഞ്ചനയാണിത്.

അപ്പോൾ ഉത്തരവാദിത്ത നിർവഹണത്തിൽ ജാഗ്രതയും ആത്മാർഥതയും കൂടിയാലോചനാ സ്വഭാവവുമുണ്ടാകണം. എങ്കിൽ എല്ലാവരുടെയും പങ്കാളിത്തത്തോടെ കാര്യനിർവഹണം എളുപ്പമാവും. സ്ഥാനത്തിരിക്കുന്നവർക്ക് അപ്പോൾ തികഞ്ഞ സംതൃപ്തിയായിരിക്കും. ഉത്തരവാദിത്തമേൽക്കുമ്പോൾ അയാൾ എല്ലാം അല്ലാഹുവിൽ ഭരമർപ്പിച്ചിരുന്നല്ലോ. ജീവിതത്തിന്റെ സകല തുറകളിലും ഈ വിധമുള്ള ബാധ്യതാ നിർവഹണം വേണമെന്നാണ് ഈ ഹദീസ് ഒന്നാമതായി പഠിപ്പിക്കുന്നത്.

രണ്ടാമതായി, വർത്തമാനം സത്യസന്ധവും സുതാര്യവുമായിരിക്കണം. സത്യമേ പറയാവൂ എന്നാണ് ഇസ്‌ലാമിന്റെ അടിസ്ഥാന സന്ദേശം. ഇസ്‌ലാം മാത്രമല്ല, എല്ലാ മതവിശ്വാസ സംഹിതകളും സത്യം മാത്രമേ വിജയിക്കൂ എന്ന് ഉദ്ഘോഷിക്കുന്നു. 'സത്യമേവ ജയതേ' എന്നാണല്ലോ ഭാരതീയ ദർശനം. സത്യം പറയുക, അത് സ്വന്തത്തിനും ബന്ധത്തിനും എതിരായാൽ പോലും, സത്യം മാത്രം പറയുക, അത് കയ്പായാൽ പോലും എന്നൊക്കെയാണ് റസൂൽ (സ) പഠിപ്പിച്ചിരിക്കുന്നത്. ഖുർആൻ പറഞ്ഞു: ''നിങ്ങൾ സത്യവാന്മാർക്കൊപ്പം നിൽക്കുവിൻ'' (*അത്തൗബ*: 119). യഥാർഥ വിശ്വാസികൾ സത്യവാന്മാർ മാത്രമായിരിക്കുമെന്ന് സൂറ *സ്വഫ്ഫി*

ലും അല്ലാഹു ഉണർത്തിയിട്ടുണ്ട്.

നമ്മുടെ സംസാരം ശൂന്യതയിൽ വിലയം പ്രാപിക്കില്ലെന്നും അവയെല്ലാം കൃത്യമായി രേഖപ്പെടുത്തപ്പെടുമെന്നും ഖുർആൻ നമുക്ക് താക്കീത് തന്നിട്ടുണ്ട്. സത്യം മാത്രം പറയുക എന്നത് വിശ്വാസിയുടെ ഉത്തമ സ്വഭാവഗുണങ്ങളിലൊന്നാണ്.

സ്വഭാവ മഹിമയാണ് നബി (സ) മൂന്നാമതായി ഊന്നിപ്പറയുന്നത്. മാന്യമായ പെരുമാറ്റമാണ് ഒരാളുടെ വ്യക്തിത്വത്തെ ആകർഷകമാക്കുക. വിശ്വാസത്തിന്റെ പൂർണത സൽസ്വഭാവികളിലാണ് കാണാനാവുക എന്ന് നബി (സ) പഠിപ്പിച്ചിട്ടുണ്ടല്ലോ. ഉത്തമ സ്വഭാവഗുണങ്ങളുടെ പൂർത്തീകരണമാണ് തന്റെ നിയോഗലക്ഷ്യമെന്ന് മറ്റൊരു സന്ദർഭത്തിൽ റസൂൽ (സ) പറഞ്ഞു. സ്നേഹം, ലാളിത്യം, ഉദാരത, വിട്ടുവീഴ്ച, സഹനം, സഹകരണം, ക്ഷമ പോലുള്ളവ സത്യവിശ്വാസത്തിന്റെ മാറ്റ് കൂട്ടുന്ന മഹദ്ഗുണങ്ങളാണ്. വെറുപ്പ്, വിദ്വേഷം, പഴി, പക, പ്രതികാര ചിന്ത, അസൂയ ഇത്യാദി മനുഷ്യത്വഹീനമായ ദുർഗുണങ്ങൾ വിശ്വാസിയുടെ ജീവിതത്തെ തകർത്തുകളയും.

ഭക്ഷണശൈലിയിലെ അന്തസ്സും മാന്യതയുമാണ് നാലാമത്തേത്. നബി (സ) ഒരിക്കലും ഒരു ഭക്ഷണപദാർഥത്തെയും കുറ്റപ്പെടുത്തിയിരുന്നില്ല. ഇഷ്ടമായാൽ കഴിക്കും, ഇല്ലെങ്കിൽ കഴിക്കാതിരിക്കും.

ഒരു കാരണവശാലും ധൂർത്ത് ഉണ്ടാവരുത് എന്നതാണ് മറ്റൊരു ഭക്ഷണമര്യാദ. പട്ടിണിമരണങ്ങൾ ലോകത്ത് പല ഭാഗങ്ങളിലും ഇപ്പോഴും നടക്കുന്നു. ഭക്ഷണപദാർഥങ്ങൾ പാഴാക്കിക്കളയുന്നവർ ഈ പട്ടിണിപ്പാവങ്ങളെ ഓർക്കണം. നാം കഴിക്കുന്നതെന്തും ജഗന്നിയന്താവിന്റെ ഔദാര്യമാണ്. ഒരു ധാന്യമണിയോ ഒരു തുള്ളി വെള്ളമോ സ്വന്തമായി ഉണ്ടാക്കാൻ പറ്റിയ ഒരു സാങ്കേതിക വിദ്യയും മനുഷ്യന്റെ കൈയിൽ ഇല്ലല്ലോ. എല്ലാം ഉണ്ടാക്കുന്നവനും നൽകുന്നവനും (അൽ ഖല്ലാഖ്, അർറസ്സാഖ്) അല്ലാഹുവാണ്. ഭക്ഷണവും സമ്പാദ്യവും അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിച്ചതായിരിക്കുക എന്നതും ഇതിന്റെ ആശയപരിധിയിൽപെടും.

ഹദീസിൽ പറഞ്ഞ നാലു കാര്യങ്ങൾ എന്തുമാത്രം അർഥവത്താണ്! അവ ശീലമാക്കിയവരത്രെ ഇഹത്തിലും പരത്തിലും വിജയികൾ. ●